(ബി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ തൊടുപുഴമുതൽ മൂവാറ്റുപുഴവരെയുള്ള 17.83 കി.മീ. റോഡ് ലോക ബാങ്ക് ധനസഹായത്തോടെ 2007-ൽ പൂർത്തിയാക്കിയിട്ടുണ്ട്. തൊടുപുഴ-മൂവാറ്റുപുഴ റോഡിനും മൂവാറ്റുപുഴ-അങ്കമാലി റോഡിനുംകൂടി ആകെ 112.79 കോടി രൂപയാണ് ചെലവായത്.

(സി) ഉണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടെ പൊൻകുന്നംമുതൽ തൊടുപുഴ വരെയുള്ള 50.22 കി.മീ. ഭാഗമാണ് നിർമ്മിക്കുന്നത്. ഇതിനായി ഏകദേശം 227 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. PPP Hybrid Annuity (പൊതു സ്വകാര്യ പങ്കാളിത്തത്തോടെ) ആയിട്ടാണ് പ്രസ്തുത റോഡ് വികസിപ്പിക്കുന്നത്.

(ഡി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കി കരാറുകാരെ കണ്ടെത്തുന്നതിനുവേണ്ടി ഇൻവെസ്റ്റർ മീറ്റ് നടത്തുകയുണ്ടായി. കരാറുകാരെ പ്രീ-ക്വാളിഫൈ ചെയ്യുന്നതിനുള്ള RFQ (Request for Qualification) ഡോക്യുമെന്റിന് ലോക ബാങ്കിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

(ഇ&എഫ്) ടി റോഡ് കെ.എസ്.ടി.പി. ഏറ്റെടുത്ത് നവീകരിക്കുന്നതുവരെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡ് ഭാഗത്തെ അറ്റകുറ്റപ്പണി പൊതുമരാമത്ത് റോഡ് വിഭാഗം നടത്തുന്നുണ്ട്.

വാളയാർ വടക്കാഞ്ചേരി ദേശീയപാത പ്രവൃത്തി പുരോഗതി

285 (1319) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ-വടക്കാഞ്ചേരി ദേശീയപാത നാല് വരിയാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ :

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത 47-ൽ വാളയാർമുതൽ വടക്കാഞ്ചേരിവരെ ബി.ഒ.ടി. (ടോൾ) അടിസ്ഥാനത്തിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ 18-5-2013-ന് ആരംഭിക്കുകയും 13-11-2015-ന് പദ്ധതി പൂർത്തീകരിക്കുവാൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പൂർത്തീകരണത്തെക്കുറിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	വിശദാംശം	യൂണിറ്റ്	ആകെ	പൂർത്തീകരിച്ചത്	പൂർത്തീകരിച്ച പ്രവൃത്തി ശതമാനത്തിൽ
1	നാലുവരിപ്പാതാ നിർമ്മാണം	കി.മീ	53.885	48.00	89.07
2	ബോക്സ് കൾവർട്ട്	നമ്പർ	135	135	100
3	പൈപ്പ് കൾവർട്ട്	നമ്പർ	58	58	100
4	മൈനർ ബ്രിഡ്ജ്	നമ്പർ	12	12	100
5	മേജർ ബ്രിഡ്ജ്	നമ്പർ	2	2	100
6	വെഹിക്കുലർ അണ്ടർ പാസ്സ്	നമ്പർ	7	7	100
7	പാസഞ്ചർ അണ്ടർ പാസ്സ്	നമ്പർ	4	4	100
8	ഫ്ലൈ ഓവർ	നമ്പർ	1	1	100

നിലവിൽ മൊത്തം പദ്ധതിയുടെ 94% ത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിവരുന്ന പ്രവൃത്തികൾ കൂടി ഉദ്ദേശിച്ച കാലാവധിയ്ക്കു മുമ്പുതന്നെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം

286 (1320) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പണിപൂർത്തിയായ പാറക്കടവ് പാലത്തിനുള്ള ഭരണാനുമതിയിൽ അപ്രോച്ച് റോഡ് കൂടി ഉൾപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് പ്രവൃത്തി പൂർത്തിയാക്കാത്തതെന്ന് വ്യക്തമാക്കാമോ ;

(സി) പൂർത്തിയാവാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിരുന്നുവോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly